പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1828 **26-10-2026-ൽ മറുപടിയ്ക്ക്**

പ്രവാസികളുടെ വിമാന ടിക്കറ്റ് നിരക്കുവർദ്ധനവ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എം. എ. റസാഖ് മാസ്റ്റർ
ശ്രീ. പി. കെ. നവാസ്
ശ്രീ. പി .എം. എ. സമീർ
ശ്രീ. ടി. വി. ഇബ്രാഹിം

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) പ്രവാസികൾ നാട്ടിലേക്ക് വരുമ്പോഴും തിരികെ പോകുമ്പോഴും വിമാനക്കമ്പനികൾ ഈടാക്കുന്ന ഭീമമായ ടിക്കറ്റ് നിരക്കുവർദ്ധനവ് മൂലം പ്രവാസികൾ നേരിടുന്ന കടുത്ത സാമ്പത്തിക പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കാമോ;

മറുപടി: ഉണ്ട്. അമിത വിമാന ടിക്കറ്റ് നിരക്ക് മൂലം ബുദ്ധിമുട്ട് അനുഭവിക്കുന്നതായി പരാതിപ്പെട്ട് വിവിധ പ്രവാസി സംഘടനകളിൽ നിന്നും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(ബി) മലബാറിലെ പ്രവാസികൾ പ്രധാനമായി ആശ്രയിക്കുന്ന കരിപ്പൂർ വിമാനത്താവളത്തിലേക്ക് മറ്റ് വിമാനത്താവളങ്ങളെ അപേക്ഷിച്ച് ഉയർന്ന നിരക്ക് ഈടാക്കുന്നത് നിയന്ത്രിക്കുന്നതിന് കേന്ദ്ര സർക്കാരുമായോ വ്യോമയാന മന്ത്രാലയവുമായോ വിമാനക്കമ്പനികളുമായോ ബന്ധപ്പെട്ട് എന്തെങ്കിലും അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

മറുപടി: വിമാന നിരക്ക് സംബന്ധമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നത് കേന്ദ്രസർക്കാരാണ്. ഇക്കാര്യത്തിൽ ഇടപെടുന്നതിൽ സംസ്ഥാന സർക്കാരിന് പരിമിതികളുണ്ട്. വിഷയം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(സി) സീസൺ സമയങ്ങളിൽ പ്രവാസികളെ ചൂഷണം ചെയ്യുന്നത് തടയുന്നതിനായി ചാർട്ടേഡ് വിമാന സർവീസുകൾ ഏർപ്പെടുത്തുന്നതിനോ അല്ലെങ്കിൽ മറ്റ് ബദൽ സംവിധാനങ്ങൾ ഒരുക്കുന്നതിനോ പദ്ധതിയുണ്ടോ;വിശദമാക്കാമോ;

മറുപടി: ഇപ്പോൾ പരിഗണനയിൽ ഇല്ല.

(ഡി) സാധാരണക്കാരായ പ്രവാസികൾക്ക് ടിക്കറ്റ് നിരക്കിൽ ആശ്വാസം നൽകുന്നതിനായി ടിക്കറ്റ് സബ്സിഡിയോ പ്രത്യേക പ്രവാസി ക്ഷേമ പദ്ധതികളോ നടപ്പിലാക്കാൻ സർക്കാർ തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ?

മറുപടി: ഇപ്പോൾ പരിഗണനയിൽ ഇല്ല.

സെക്ഷൻ ഓഫീസർ